


## ദേശീയ സമ്മതിദായക ദിനം

ഓരോ വോട്ടിന്റെയും പ്രാധാന്യം വോട്ടർമാർക്ക് മനസ്സിലാക്കി കൊടുക്കുന്നതിനും വോട്ടർമാരുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നതിനുമായി ഇന്ത്യയുടെ തെരഞ്ഞെടുപ്പ് കമീഷൻ രൂപവത്കരിച്ച ദിനമായ ജനുവരി 25ന് രാജ്യത്ത് എല്ലാ വർഷവും സമ്മതിദായകരുടെ ദേശീയ ദിനമായി ആചരിക്കുന്നു. രാജ്യത്തിന്റെ ജനാധിപത്യ മൂല്യങ്ങളെ ഉയർത്തിപ്പിടിക്കുക, ഭരണവ്യവസ്ഥയിൽ ഓരോ വ്യക്തിക്കുമുള്ള പങ്കാളിത്തം ഊട്ടിയുറപ്പിക്കുക എന്നീ ലക്ഷ്യങ്ങൾക്കുവേണ്ടിയാണ് തെരഞ്ഞെടുപ്പ് കമീഷനു കീഴിൽ ഈ ദിനാചരണം നടത്തുന്നത്.





പാരിസിലെത്തിയ ഹമദ് രാജാവ് എലിസി കൊട്ടാരത്തിൽ ഇമ്മാനുവൽ മാക്രോണുമായി കൂടിക്കാഴ്ച നടത്തുന്നു


ഹമദ് രാജാവിനെ വിമാനത്താവളത്തിൽ സ്വീകരിക്കുന്നു

# ഇമ്മാനുവൽ മാക്രോണുമായി കൂടിക്കാഴ്ച നടത്തി ഹമദ് രാജാവ്

**» ഇരുരാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തവും സഹകരണവും ഇരുനേതാക്കളും അവലോകനം ചെയ്തു**

**മനാമ:** ഫ്രഞ്ച് പ്രസിഡന്റിന്റെ ക്ഷണപ്രകാരം ഫ്രാൻസിലെത്തിയ രാജാവ് ഹമദ് ബിൻ ഈസ ആൽ ഖലീഫ പ്രസിഡന്റ് ഇമ്മാനുവൽ മാക്രോണുമായി കൂടിക്കാഴ്ച നടത്തി. പാരിസിലെ എലിസി കൊട്ടാരത്തിൽ വെച്ചായിരുന്നു കൂടിക്കാഴ്ച. ഔദ്യോഗിക ബഹുമതികളോടെ കൊട്ടാരത്തിലേക്കാനയിച്ച ഹമദ് രാജാവിനെ ഫ്രഞ്ച് പ്രസിഡന്റ് സ്വീകരിച്ചു. ക്ഷണത്തിനും ഊഷ്മള സ്വീകരണത്തിനും പ്രസിഡന്റിന് ഹമദ് രാജാവ് നന്ദി അറിയിച്ചു. കൂടാതെ ബഹ്റൈനും ഫ്രാൻസും തമ്മിലുള്ള ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്തുന്നതിനുള്ള പ്രസിഡന്റിന്റെ ശ്രമങ്ങളെയും ഹമദ് രാജാവ് പ്രശംസിച്ചു. ഇരുരാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തവും സഹകരണവും ഇരുനേതാക്കളും അവലോകനം ചെയ്യുകയും വിവിധ മേഖലകളിലെ സഹകരണം വർധിപ്പിക്കുന്നതിനുള്ള മാർഗങ്ങൾ ചർച്ച ചെയ്യുകയും ചെയ്തു. ബഹ്റൈനും ഫ്രാൻസും തമ്മിലുള്ള ചരിത്രപരമായ ബന്ധങ്ങളിൽ ഇരുനേതാക്കളും അഭിമാനം പ്രകടിപ്പിച്ചു. പരസ്പര താൽപര്യങ്ങളും നേട്ടങ്ങളും കൈവരിക്കുന്നതിന് സഹകരണം വിശാലമാക്കുന്നതിനുള്ള തങ്ങളുടെ പ്രതിബദ്ധതയും ഇരുവരും ഉറപ്പുവരുത്തി. പ്രാദേശികവും അന്തർദേശീയവുമായ സംഭവവികാസങ്ങളും കൂടിക്കാഴ്ചയിൽ ചർച്ചയായി. ബഹ്റൈൻ-ഫ്രാൻസ് ബന്ധം ശക്തിപ്പെടുത്തുന്നതിൽ ഹമദ് രാജാവിന്റെ പങ്കിനെ മാക്രോൺ പ്രശംസിക്കുകയും മേഖലയിലെ സുരക്ഷയും സ്ഥിരതയും കൈവരിക്കുന്നതിനുള്ള ബഹ്റൈന്റെ തുടർച്ചയായ സഹകരണത്തെയും ശ്രമങ്ങളെയും അഭിനന്ദിക്കുകയും ചെയ്തു.


അൽനൂർ ഇന്റർനാഷനൽ സ്കൂളിന്റെ ക്വാളിറ്റി സ്റ്റാറ്റസ് നീട്ടിനൽകിയ സർട്ടിഫിക്കറ്റ് സ്കൂൾ ചെയർമാൻ അലി ഹസന് ഓക്സ്ഫഡ് യൂനിവേഴ്സിറ്റി പ്രസ് അധികൃതർ കൈമാറുന്നു

# അൽനൂർ ഇന്റർനാഷനൽ സ്കൂളിന്റെ ക്വാളിറ്റി സ്റ്റാറ്റസ് നീട്ടിനൽകി ഓക്സ്ഫഡ്

**മനാമ:** അൽനൂർ ഇന്റർനാഷനൽ സ്കൂളിന്റെ ക്വാളിറ്റി സ്റ്റാറ്റസ് നീട്ടിനൽകി ഓക്സ്ഫഡ് യൂനിവേഴ്സിറ്റി പ്രസ്. 2021ൽ ഗൾഫ് രാജ്യങ്ങളിൽ ഈ പദവി ലഭിച്ച ആദ്യ സ്കൂളെന്ന ഖ്യാതി അൽനൂർ ഇന്റർനാഷനലിനായിരുന്നു. വിജയകരമായ മൂന്ന് അക്കാദമിക് വർഷത്തിനുശേഷം അതേ പദവി സ്കൂളിന് ഓക്സ്ഫഡ് നീട്ടിനൽകുകയായിരുന്നു.

അധ്യാപനത്തിൽ മികച്ച നിലവാരം പുലർത്താൻ ലോകത്ത് തിരഞ്ഞെടുക്കപ്പെട്ട ചുരുക്കം ചില സ്കൂളുകളും ഓക്സ്ഫഡ് യൂനിവേഴ്സിറ്റി പ്രസും തമ്മിലുള്ള കരാറാണ് ഓക്സ്ഫഡ് ക്വാളിറ്റി പ്രോഗ്രാം. വിദ്യാർഥികൾക്കിടയിൽ വായന, എഴുത്ത്, സംസാരം തുടങ്ങിയ കഴിവുകൾ പരിപോഷിപ്പിക്കാൻ മികച്ച നിലവാരത്തിലുള്ള അധ്യാപന സാമഗ്രികളാണ് ഇത് വഴി നൽകുന്നത്. നീട്ടിനൽകിയ പദവിയുടെ സർട്ടിഫിക്കറ്റ് സ്കൂൾ ചെയർമാൻ അലി ഹസൻ സ്കൂളിൽ നടന്ന ചടങ്ങിൽ ഏറ്റുവാങ്ങി. ഞങ്ങളുടെ സ്കൂളിന്റെ വർഷങ്ങളായുള്ള കഠിനാധ്വാനത്തിന്റെ ഫലമായിട്ടായിരുന്നു 2021ൽ ഗൾഫ് മേഖലയിൽ ആദ്യമായി ഈ പദവിക്കായി അൽനൂർ ഇന്റർനാഷനൽ സ്കൂൾ തിരഞ്ഞെടുക്കപ്പെട്ടത്. അൽനൂറിന്റെ പ്രവർത്തനങ്ങളും നിലവാരങ്ങളും ശരിയായിരുന്നു എന്നതും, ഉന്നതനിലവാരത്തിലുള്ള ഒരു സ്കൂളാണ് ഞങ്ങളുടേതെന്നും ഓക്സ്ഫഡ് വിലയിരുത്തിയതിന്റെ തെളിവുകൂടിയാണ് രണ്ടാം തവണയും നേട്ടം ഞങ്ങളെ തേടിയെത്തിയതെന്ന് അലി ഹസൻ പറഞ്ഞു. 2021ൽ ഈ പദവി ലഭിച്ചതു മുതൽ സ്കൂൾ ഓക്സ്ഫഡ് യൂനിവേഴ്സിറ്റി പ്രസുമായി സഹകരിച്ചു പ്രവർത്തിച്ചുവരുകയാണ്. ഇത് സ്കൂളിന്റെ നിലവാരത്തെ കൂടുതൽ ഉയരത്തിലേക്കെത്തിച്ചതായും അദ്ദേഹം കൂട്ടിച്ചേർത്തു.

സ്കൂൾ ഡയറക്ടർ ഡോ. മുഹമ്മദ് മഷ്ഹൂദ്, ആക്ടിങ് പ്രിൻസിപ്പൽ അബ്ദുർറഹ്മാൻ ഖുഹേജി, മറ്റു സ്കൂൾ അധികൃതർ ഓക്സ്ഫഡ് യൂനിവേഴ്സിറ്റി പ്രസ് അധികൃതരായ ജെന്നിഫർ ഡെഗ്ഗൻ, ഗിൽവെസ്റ്റ് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# ‘ഓട്ടം ഫെയറി’ന് വർണാഭമായ തുടക്കം

**» മേള ഫെബ്രുവരി ഒന്നുവരെ തുടരും**
**» പ്രവേശനം സൗജന്യമാണ്**

**മനാമ:** ബഹ്റൈനിലെ ശരത്കാല മേള (ഓട്ടം ഫെയർ)യുടെ 35ാം എഡിഷന് വർണാഭമായ തുടക്കം. മേള ടൂറിസം മന്ത്രി ഫാതിമ ബിൻത് ജഅ്ഫർ അസ്സൈറഫി പ്രമുഖ വ്യക്തികളുടെ സാന്നിധ്യത്തിൽ ഉദ്ഘാടനം ചെയ്തു. ജനുവരി 23 മുതൽ ഫെബ്രുവരി ഒന്നുവരെ എക്സിബിഷൻ വേൾഡ് ബഹ്റൈനിൽ നടക്കുന്ന പരിപാടി ടൂറിസം മന്ത്രാലയത്തിന്റെയും ബഹ്റൈൻ ടൂറിസം ആൻഡ് എക്സിബിഷൻ അതോറിറ്റിയുടെയും പിന്തുണയോടെ ഇൻഫോർമ മാർക്കറ്റ്സാണ് സംഘടിപ്പിക്കുന്നത്. 1989ൽ ആരംഭിച്ച മേള രാജ്യത്തെ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കുന്നതിലും ടൂറിസം മേഖലയെ വളർത്തുന്നതിലും നിർണായക പങ്കാണ് വഹിക്കുന്നത്.


ശരത്കാല മേളയുടെ 35ാം എഡിഷൻ ടൂറിസം മന്ത്രി ഫാതിമ ബിൻത് ജഅ്ഫർ അസ്സൈറഫി പ്രമുഖ വ്യക്തികളുടെ സാന്നിധ്യത്തിൽ ഉദ്ഘാടനം ചെയ്യുന്നു

20 രാജ്യങ്ങളിൽ നിന്നുള്ള 680ലധികം പവിലിയനുകൾ മേളയിലുണ്ട്. ഭക്ഷ്യ വസ്തുക്കൾ, വസ്ത്രങ്ങൾ, ഇലക്ട്രിക് സാമഗ്രികൾ, ഫർണിച്ചറുകൾ, സൗന്ദര്യ വർധക വസ്തുക്കൾ, വീട്ടുപകരണങ്ങൾ, ആഭരണങ്ങൾ തുടങ്ങിയവയുടെ വിപുലമായ വിൽപനയും പ്രദർശനവും മേളയുടെ മാറ്റുകൂട്ടാനുണ്ട്. ബഹ്റൈനിലെ റീട്ടെയിൽ വിപണിയെ പ്രദർശിപ്പിക്കുന്നതിലൂടെ സന്ദർശകർക്ക് മികച്ച കാഴ്ചാനുഭവം വാഗ്ദാനം ചെയ്യുന്നതോടൊപ്പം സമ്പദ് വ്യവസ്ഥയെ ഉയർത്താനും മേള ലക്ഷ്യമിടുന്നു. പ്രവേശനം സൗജന്യമായ മേളയിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള നിരവധി പ്രദർശകരെയും ഒരു ലക്ഷത്തിലധികം സന്ദർകരെയും 35ാം എഡിഷൻ ഓട്ടം ഫെയർ പ്രതീക്ഷിക്കുന്നുണ്ട്. ഇത്തവണ ലോകമെമ്പാടുമുള്ള ആയിരക്കണക്കിന് ഇറക്കുമതി ഉൽപന്നങ്ങളാണ് മേളയിലെ വിപണനത്തിനായുള്ളത്. സന്ദർശകർക്ക് മികച്ച അനുഭവം നൽകാൻ ഇൻഫോർമ മാർക്കറ്റ്സ് നിരവധി സേവനങ്ങളും ഒരുക്കിയിട്ടുണ്ട്. മികച്ച സ്വീകാര്യതക്കനുസൃതമായി മേളയെ മെച്ചപ്പെടുത്താൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണെന്നും അതിനായി മികച്ച സാങ്കേതികതകൾ ഉപയോഗിക്കുന്നുണ്ടെന്നും ബഹ്റൈനിലെ ടൂറിസം, വാണിജ്യ മേഖലകളെ ഉണർത്തുന്ന ഇത്തരം ഇവന്റുകളെ പ്രോത്സാഹിപ്പിക്കുന്നതിനും പിന്തുണ നൽകുന്നതിനും ടൂറിസം മന്ത്രി ഫാതിമ ബിൻത് ജഅ്ഫർ അസ്സൈറഫിയോട് കൃതജ്ഞത അറിയിക്കുന്നതായും ഇൻഫോർമ മാർക്കറ്റ്സ് ബഹ്റൈൻ ജനറൽ മാനേജർ മുഹമ്മദ് ഇബ്രാഹിം പറഞ്ഞു.

മേള ദിവസവും രാവിലെ 10 മുതൽ ഉച്ചക്ക് രണ്ട് വരെയും വൈകീട്ട് നാലു മുതൽ രാത്രി 10വരെയും പ്രവർത്തിക്കും. അവസാന രണ്ടു ദിവസങ്ങളിൽ (ജനുവരി 31, ഫെബ്രുവരി ഒന്ന്) രാവിലെ 10 മുതൽ രാത്രി 10 വരെ തുടർച്ചയായും പ്രവേശനമുണ്ടാകും. ജനുവരി 26നും 27നും രാവിലെ സ്ത്രീകൾക്ക് മാത്രമായി പ്രവേശനം നൽകും. ബഹ്റൈൻ ഇന്റർനാഷനൽ സർക്യൂട്ടിൽ സൗജന്യ വാഹന പാർക്കിങ് സൗകര്യവും ഇവിടെ നിന്ന് മേള നഗരിയിലേക്ക് സൗജന്യ ഷട്ടിൽ ബസ് സർവിസും സജ്ജമാക്കിയിട്ടുണ്ട്. www.theautumnfair.com എന്ന വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്തവർക്കാണ് മേളയിലേക്ക് പ്രവേശനം അനുവദിക്കുക.

# മികച്ച പരിചരണവുമായി നാലു വർഷം പൂർത്തിയാക്കി കിംസ് ഹെൽത്ത് കെയർ

**മനാമ:** ആരോഗ്യരംഗത്ത് മികച്ച പരിചരണവുമായി നാല് വർഷം പൂർത്തിയാക്കി കിംസ് ഹെൽത്ത് കെയർ. ഗുണമേന്മയുള്ളതും മികച്ചതുമായ ആരോഗ്യപരിചരണം നൽകുന്നതിൽ കഴിഞ്ഞ നാലു വർഷങ്ങൾ കിംസ് ഹെൽത്ത് കെയർ തങ്ങളുടെ പ്രയാണത്തിലെ ഒരു നിർണായക നാഴികക്കല്ലായാണ് കണക്കാക്കുന്നത്.

ഹോസ്പിറ്റൽ തുടങ്ങിയ കാലം മുതലുള്ള പരിചരണം, വിശ്വാസം, മികവ് എന്നിവയിൽ ഭാഗഭാക്കായ ആശുപത്രി അധികൃതർ, ആരോഗ്യപ്രവർത്തകർ, രോഗികൾ, പൊതുജനങ്ങൾ എന്നിവരെ ഒരുമിച്ചുകൂട്ടിയാണ് നാലാം വാർഷികം ആഘോഷമാക്കിയത്. ആശുപത്രി ടീം അംഗങ്ങളുടെ കഠിനാധ്വാനത്തെയും സമർപ്പണബോധത്തെയും ഹൃദയപൂർവം അനുസ്മരിച്ചു കൂടിയായിരുന്നു ആഘോഷം. വിട്ടുവീഴ്ചയില്ലാത്ത രോഗീ പരിചരണത്തിലുള്ള അവരുടെ മികച്ച പ്രതിബദ്ധത കൂടിയാണ് കിംസ് ഹെൽത്ത് കെയറിന്റെ വിജയത്തിന്റെ അടിത്തറ.


കിംസ് ഹെൽത്ത് കെയറിന്റെ നാലാം വാർഷികാഘോഷത്തിൽനിന്ന്

# ഇനി ചിരിക്കാം ആത്മവിശ്വാസത്തോടെ

നിരയൊത്തതും ഭംഗിയുള്ളതുമായ പല്ലുകൾ ഒരാൾക്ക് നൽകുന്ന ആത്മവിശ്വാസം ചെറുതല്ല. ആരോഗ്യരംഗം വളർന്നതിനാനുപാധികമായി ദന്തചികിത്സാരംഗവും നൂതനമായ ചികിത്സാരീതികൾ കൊണ്ട് വളർന്നിരിക്കുന്നു. നിങ്ങളുടെ പല്ലുകളെ സംരക്ഷിക്കുവാനും പ്രകൃതിദത്തമായ ഭംഗി നിലനിർത്തുവാനും വീട്ടിൽ നിന്നുതന്നെ ശീലമാക്കേണ്ട ചില കാര്യങ്ങൾ ഉണ്ട്.

- രാവിലെയും രാത്രിയും ബ്രഷിംഗ് ശീലമാക്കുക.
- ദിവസത്തിൽ ഒരുവട്ടം ഫ്ളോസിങ്ങ് (Dental Flossing) ശീലമാക്കുക. ഇത് നിങ്ങളുടെ പല്ലുകൾക്കിടയിൽ വൃത്തിയാക്കാൻ സഹായിക്കുന്നു.
- ചായ, കാപ്പി, റെഡ്വൈൻ എന്നിവയുടെ ഉപയോഗം പരിമിതപ്പെടുത്തുക. നിങ്ങളുടെ പല്ലുകളിൽ കറ (Stains) വരുവാന് ഇവ കാരണമാകുന്നു.
- ആൽക്കഹോൾ, സിഗരറ്റ്, പാൻപരാഗ് തുടങ്ങിയ ലഹരി പദാർഥങ്ങൾ ഉപയോഗിക്കാതിരിക്കുക.
- മൂന്ന് മാസത്തിലൊരിക്കൽ നിങ്ങളുടെ ടൂത്ത് ബ്രഷ് മാറ്റി പുതിയതാക്കുക.
- പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ ജീവിതശൈലി രോഗങ്ങൾ നിയന്ത്രണവിധേയമാക്കുക.
- ധാരാളം വെള്ളം കുടിക്കുക.

പല്ലുകളുടെ നിറവും ഭംഗിയും വർധിപ്പിക്കാനും നിങ്ങളുടെ മുഖത്തിനിണങ്ങുന്ന തരത്തിൽ ചിരി കൂടുതൽ സുന്ദരമാക്കാനുമുള്ള ചികിത്സാരീതികൾ കോസ്മെറ്റിക് ദന്തചികിത്സ (Cosmetic Dentistry) എന്നറിയപ്പെടുന്നു.

### വെനീറുകൾ (Veneers)

പല്ലുകളുടെ മുൻവശം മാത്രം കവർ ചെയ്ത് ഭംഗി കൂട്ടുന്ന ചികിത്സാരീതിയാണ് വെനീറുകൾ. നിറം മങ്ങിയതും നിരതെറ്റിയതുമായ പല്ലുകളെ കൂടുതൽ ഭംഗിയുള്ളവയാക്കാനും സംരക്ഷിക്കുവാനും വെനീറുകൾ സഹായിക്കുന്നു. പോർസ്ലൈൻ വെനീറുകൾ 10-15 വർഷം വരെ നിലനിൽക്കാം.

### ദന്തക്രമീകരണ ചികിത്സ (Orthodontic Treatment)

പൊങ്ങിയ പല്ലുകൾ, നിരതെറ്റിയ പല്ലുകൾ എന്നിവയും എല്ലിനുള്ളിൽ കുടുങ്ങി കിടക്കുന്ന പല്ലുകളെയും ശരിയായ സ്ഥാനത്ത് കൊണ്ടുവരുന്ന ചികിത്സാ രീതിയാണ് ഇത്. പല്ലുകളിൽ മുത്തുവെച്ച് സ്റ്റെയിൻലെസ്സ് സ്റ്റീൽ വയർ കമ്പികൾ പിടിപ്പിച്ചാണ് ചികിത്സ ചെയ്യുന്നത്. പ്രശ്നങ്ങളുടെ സങ്കീർണതയനുസരിച്ച് 1.5 തൊട്ട് നാലു വർഷം വരെ ചികിത്സ നീണ്ടേക്കാം. നിശ്ചിത കാലയളവ് മുൻകൂർ പ്രവചിക്കാവുന്നതല്ല.


ഡോ. ജെയ്സ് ജോയ്
(BDS, MBA, MFDS RCSEd)
മിഡിൽ ഈസ്റ്റ് മെഡിക്കൽ സെന്റർ ഹിദ്ദ്

### ബ്ലീച്ചിങ് (Bleaching)


പല്ലുകളുടെ നിറം വർധിപ്പിക്കാൻ സഹായിക്കുന്ന ചികിത്സാ രീതിയാണ് ബ്ലീച്ചിങ്. ദന്തഡോക്ടറുടെ മേൽനോട്ടത്തിൽ വീട്ടിൽ വെച്ചും ക്ലിനിക്കിൽ വെച്ചും ചികിത്സ നടത്താം.

### ലേസർ ചികിത്സ (Laser Dentistry)

ലേസർ രശ്മികൾ ഉപയോഗിച്ച് പല്ലുകളുടെ നിറം വർധിപ്പിക്കാൻ കഴിയുന്നു. അതുപോലെ ചിലർക്ക് മെലാനിന്റെ അളവധികമാവുന്നത് കൊണ്ട് സംഭവിക്കുന്ന മോണയുടെ കറുപ്പുനിറം ലേസർ ചികിത്സ (Gum Depigmentation) ഉപയോഗിച്ച് ഒരുപരിധിവരെ മാറ്റുവാനും സാധിക്കുന്നു.

### ഓർത്തോഗ്നാത്തിക് ശസ്ത്രക്രിയ (Orthognathic Surgery)

പല്ലുകളുടെ വളർച്ചാവ്യതിയാനം മൂലമുള്ള മുഖത്തെ പ്രശ്നങ്ങളെ ശസ്ത്രക്രിയയിലൂടെ കൂടുതൽ പ്രവർത്തനക്ഷമവും ആകർഷകവുമാക്കുന്ന ചികിത്സ രീതിയെ ഓർത്തോഗ്നാത്തിക് ശസ്ത്രക്രിയ എന്ന് പറയുന്നു. മേൽതാടിയിലും കീഴ്ത്താടിയിലും ഉണ്ടാവുന്ന വളർച്ചയുടെ ക്രമമില്ലായ്മ മുഖത്തുണ്ടാക്കുന്ന അഭംഗി ഈ സർജറിയിലൂടെ പൂർണമായും നേരെയാക്കാവുന്നതാണ്.




Vythiri Village a luxury spa resort
me friend Your Best Buddy
50% OFF*
ON THE SEASONAL TARIFF
TO AVAIL THIS OFFER DOWNLOAD mefriend APP NOW
NH-766, Near Vythiri Town, Vythiri P.O Wayanad - 673 576, Kerala, India
App Store / Google Play
*T&C Apply
+91 9388 256723



KIMSHEALTH
me friend Your Best Buddy
15% OFF*
ON PROCEDURES (INCLUDING HAIR REMOVAL/LASER, HYDRAFACIAL, DERMAPEN)
TO AVAIL THIS OFFER DOWNLOAD mefriend APP NOW
KIMSHEALTH Hospital Umm Al Hassam
KIMSHEALTH Medical Center Muharraq
App Store / Google Play
*T&C Apply
+973 38025500

